കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-ആസ്തിവികസനം -വൈക്കം പോലീസ് സ്റ്റേഷന് സമീപം ബസ് ബേ നിർമ്മാണം എന്ന പ്രവൃത്തി- ഭരണാനുമതി -സിൽക്ക് മുഖേന നടപ്പിലാക്കിയത് -സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1770/19/തസ്വഭവ തിരുവനന്തപുരം, തീയതി :16.08.2019

---

പരാമർശം- 1. 04/11/2017 ലെ സർക്കാർ ഉത്തരവ് (സാധാ.)നം.3560/17/തസ്വഭവ.

2. ബഹു.വൈക്കം എം.എൽ.എ യുടെ 05/02/2019 തീയതിയിലെ കത്ത്

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 10/07/2019 ലെ ഡിബി6/4360/17/സിഇ/തസ്വഭവ നമ്പർ കത്ത്.

## ഉത്തരവ്

വൈക്കം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീമതി. സി.കെ .ആശ എം.എൽ.എ യുടെ 2016-17 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും വൈക്കം പോലീസ് സ്റ്റേഷന് സമീപം ബസ് ബേ നിർമ്മാണം എന്ന പ്രവൃത്തി തദ്ദേശ സ്വയം ഭരണ വകുപ്പ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കാൻ 35 ലക്ഷം(മുപ്പത്തിയഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഭരണാനുമതി പരാമർശം(1) ലെ ഉത്തരവ് പ്രകാരം നല്കിയിരുന്നു. എന്നാൽ ടി പ്രവൃത്തി സിൽക്ക് മുഖേന നടപ്പാക്കാൻ എം.എൽ.എ നിർദ്ദേശിച്ചത് പ്രകാരം നഗരസഭ തീരുമാനമെടുക്കുകയും അപ്രകാരം സിൽക്ക് മുഖേന പ്രവൃത്തി നടപ്പിലാക്കിയെങ്കിലും ഭരണാനുമതി ഉത്തരവിൽ സിൽക്കിനെ പരാമർശിച്ചിട്ടില്ലാത്തതിനാൽ തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ ബിൽ അംഗീകരിച്ചിട്ടില്ലെന്നും ആയതിനാൽ ഭരണാനുമതി ഉത്തരവിൽ നിർവ്വഹണ ഏജൻസിയായി സിൽക്കിനെ ഉൾപ്പെടുത്തി പരാമർശ ഉത്തരവ് ഭേദഗതി ചെയ്യണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം എം.എൽ.എആവശ്യപ്പെട്ടിരുന്നു. നിലവിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡിപിആർ ഉപയോഗിച്ചാണ് സിൽക്ക് ടി പ്രവൃത്തി ചെയ്തതെന്നും നിലവിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാലും പ്രവൃത്തി നിർവ്വഹിച്ചത് സിൽക്ക് ആയതിനാലും പരാമർശ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി നല്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (3) ലെ കത്ത് പ്രകാരം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈക്കം പോലീസ് സ്റ്റേഷന് സമീപം ബസ് ബേ നിർമ്മാണം എന്ന പ്രവൃത്തി തദ്ദേശ സ്വയം ഭരണ വകുപ്പ എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പിലാക്കാനാണ് അനുമതി നൽകിയത്. എന്നാൽ സർക്കാർ അനുമതി ഇല്ലാതെ നിർവ്വഹണ ഏജൻസിയെ മാറ്റി, സിൽക്ക് മുഖാന്തരം പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് ചട്ട വിരുദ്ധമാണ് .എന്നാൽ നിലവിൽ പ്രവൃത്തി പൂർത്തിയാക്കിയ സാഹചര്യത്തിൽ ഭാവിയിൽ സർക്കാർ നിഷ്കർഷിക്കുന്ന

വ്യവസ്ഥകൾക്ക് വിരുദ്ധമായുള്ള ഇത്തരം നടപടികൾ പാടില്ലയെന്ന് വ്യവസ്ഥയോടെ ടി പ്രവൃത്തി സിൽക്ക് മുഖേന നടപ്പാക്കിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

ശ്രീമതി. സി.കെ .ആശ ,എം.എൽ.എ(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണവകുപ്പ് തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ. ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
സെക്രട്ടറി ,വൈക്കം മുനിസിപ്പാലിറ്റി
ത.സ്വ.ഭ.വ(ഒ.എസ്)വകുപ്പ്(ഡി.ബി.2/51/2019/ത.സ്വ.ഭ.വ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ